നമ്പർ 283/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ഭരണസമിതി അംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

നമ്മുടെ കോട്ടയം ഓർത്തഡോക്സ് വൈദികസെമിനാരിയും, നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സെമിനാരിയും നമ്മുടെ സഭയിലെ വൈദികരുടെ പരിശീലനത്തിലും വേദശാസ്ത്രപഠനത്തിലും വഹിക്കുന്ന പങ്കിനെക്കുറിച്ച് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. നിങ്ങൾ ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ പിന്തുണയും കരുതലും എപ്പോഴും ഇക്കാര്യത്തിലുണ്ട് എന്നത് സന്തോഷദായകമാണ്. ഈ സെമിനാരികളിൽ കൂടി സഭയ്ക്ക് ആത്മനിറവും, വിശുദ്ധ ജീവിതവുമുള്ള വൈദിക നേതൃത്വം ഉണ്ടാകുവാൻ നിങ്ങളേവരും തുടർന്നും പ്രാർത്ഥിക്കണം.

ഈ വർഷം ഒക്ടോബർ 5-ാം തീയതി ഞായറാഴ്ചയാണ് സെമിനാരിദിനം. അന്നേദിവസം എല്ലാ പള്ളികളിലും വി. കുർബ്ബാന മദ്ധ്യേ സെമിനാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും, സെമിനാരി ദിനത്തോടനുബന്ധിച്ചുള്ള കവർ പിരിവിലും സ്തോത്രകാഴ്ചയിലും എല്ലാവരും സഹകരിക്കുകയും ചെയ്യണം. ഒക്ടോബർ 5 -ാം തീയതി വി. കുർബ്ബാനയില്ലാത്ത പള്ളികളിൽ, തൊട്ടടുത്ത് വി. കുർബ്ബാനയുള്ള പൊതു ആരാധനാ ദിവസം സെമിനാരികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തേണ്ടതാണ്. സെമിനാരി ദിന കവർ പിരിവിൽ നിന്ന് ലഭിക്കുന്ന തുകയും, വ്യക്തികളിൽ നിന്നുമുള്ള പ്രത്യേക സംഭാവനകളും, അന്നത്തെ സ്തോത്രകാഴ്ചയും ചേർത്ത് കോട്ടയം സെമിനാരിയിലേക്ക് **പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി. ബി. നമ്പർ 98, കോട്ടയം, കേരള - 686001** എന്ന വിലാസത്തിൽ ഒക്ടോബർ 31 ന് മുൻപായി അയച്ചുകൊടുക്കണം. ആ തുക പിന്നീട് ഇരുസെമിനാരികൾക്കുമായി വീതിച്ച് നൽകുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2008 ഓഗസ്റ്റ് മാസം 26 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.